# പൊന്നോണം

ആഷാഢമുകിലുകൾ, കമ്പളം നീർത്തി,
ശ്രാവണത്തിൽ വരവേൽപ്പിനായി,
രൈവതധരിത്രിയൊ, മയൂരമായി,
സ്വർണ്ണ പീലികൾ വിടർത്തിയാടി.

ശശികല വാനിൽ ശരറാന്തലായി,
കല്ലോലിനിയിൽ പ്രതിബിംബമായ്,
താരാഗണങ്ങളാം നെയ്യാമ്പൽ പൂവുകൾ,
സരോവരങ്ങളിൽ കൽഹാരമായി.

മുണ്ടകൻ പാടത്തു കൊയ്തു കഴിഞ്ഞപ്പോൾ,
മാടത്തക്കിളികൾ പാറിവന്നു,
ചാഞ്ചാടി കൂത്താടും, കന്നിൻ കിടാങ്ങളെ,
നക്കി തുടക്കുന്നൂ മാതൃസ്നേഹം.

പാതിരാവായിട്ടും, വിടരാൻ മടിക്കും,
പാരിജാതം ലസിതയായ് നിന്നൂ;
വിരിയും മുകുളം പീതാരുണമായ്,
മനോഹരിയായ്, മഞ്ജുളയായി.

കണിക്കൊന്നപ്പൂവിൻ, സ്വർണ്ണ കപോലത്തിൽ,
അരുമയായ് തെന്നൽ മുത്തമിട്ടു;
സന്ദേഹമാർന്ന ശലഭവൃന്ദങ്ങളൊ-
നറുതേൻ നുകരാൻ മടിച്ചുനിന്നൂ.

നിർമ്മാല്യം തൊഴുത് ഉണരും പുലരി,
സിന്ദൂരതിലകം ചാർത്തിനിന്നു;
വെള്ളിയലുക്കിട്ട താമ്പാളത്തിൽ ഋതു-
മഞ്ജുഷയായ് കണി കാഴ്ചവെച്ചു.

ഓണം വന്നോണം വന്നു പൊന്നോണം വന്നു,
കാതോടു കാതോരം കിളികൾ ചൊല്ലി;
എന്റെ മനസ്സിലും ആവണിച്ചിന്തുകൾ-
പൊന്നൂഞ്ഞാൽ കെട്ടി ആലോലമാടി,
എന്നെ ആലോലമാട്ടി.